ചിമ്മിനി	2.5 MW
ആഢ്യൻപാറ	3.5 MW
പൊരിങ്ങൽകുത്ത് മൈക്രോ	0.011 MW
പൊരിങ്ങൽകുത്ത് നവീകരണ പദ്ധതി	4 MW
ആകെ	10.011 MW

1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. ഇതിനുപുറമേ അനെർട്ട് വഴി ആരംഭിച്ച് പൂർത്തീകരിച്ച പദ്ധതികൾവഴി പ്രതിദിനം 31000 യൂണിറ്റ് വൈദ്യുതി ഉല്പാദനം സാധ്യമാകുന്നുണ്ട്. ഇതിലൂടെ 8.863 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2016 ജനുവരി മാസത്തെ ഉപഭോഗം 1914 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ 419 ദശലക്ഷം യൂണിറ്റ് ആഭ്യന്തര നിലയങ്ങളിൽനിന്നും ഉത്പാദിപ്പിച്ചതാണ്. 1495 മില്യൻ യൂണിറ്റ് കേരളത്തിന് പുറത്തുനിന്നും വാങ്ങിയതാണ്. ഉപഭോഗവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അന്തരം 1495 ദശലക്ഷം യൂണിറ്റാണ്.

കല്പറ്റ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

65(2103) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജ മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള വീടുകൾ എത്രയുമെന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നിലവിലില്ല. സംസ്ഥാനത്തെ വൈദ്യുതിയില്ലാത്ത മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സർക്കാരിന്റെ കാലത്ത് കല്പറ്റ നിയോജക മണ്ഡലത്തിൽ 14916 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ അപേക്ഷ ലഭിച്ചിട്ടുള്ള 15 കണക്ഷനുകൾ മാത്രമേ നൽകുവാനുള്ളൂ. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly